പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3445 18/02/2013- ൽ മറുപടിക്ക്

## 'ഗോസുരക്ഷാ പദ്ധതി'ക്ക് ലഭ്യമായ തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ .ബാലൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മൃഗസംരക്ഷണ വകുപ്പിന്റെ 'ഗോസുരക്ഷാ പദ്ധതി'ക്കായി 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചു; പ്രസ്തുത പദ്ധതിക്കായി ഈ വർഷങ്ങളിൽ എത്ര രൂപയുടെ ധനസഹായമാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചത്; | (എ) 2011-2012 സാമ്പത്തിക വർഷം 563.21 ലക്ഷം രൂപയും, 2012-13 സാമ്പത്തിക വർഷം 542.41 ലക്ഷം രൂപയും ചെലവഴിച്ചു. ഇതിൽ മുൻവർഷങ്ങളിലെ പദ്ധതി നീക്കിയിരുപ്പ് തുകയും ഉൾപ്പെടും.<br>2011-2012 സാമ്പത്തിക വർഷം 400 ലക്ഷം രൂപയും 2012- 13 സാമ്പത്തിക വർഷം 600 ലക്ഷം രൂപയും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വർഷങ്ങളിൽ എത്ര കർഷകർക്ക് ഈ പദ്ധതിയിലൂടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചു;എത്ര രൂപ ഇതിലൂടെ കർഷകർക്ക് ലഭിച്ചു; വിശദമാക്കുമോ? | (ബി) 2011-12 സാമ്പത്തിക വർഷത്തിൽ 115452 കർഷകർക്കും, 2012-13-ൽ 60901 കർഷകർക്കും (ഡിസംബർ 2012 വരെ) ഈ പദ്ധതിയിലൂടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചു.<br>2011-12 സാമ്പത്തിക വർഷത്തിൽ 231.79 ലക്ഷം രൂപയും 2012-13 ൽ 251.5 ലക്ഷം രൂപയും (ജനുവരി 2013 വരെ) പ്രീമിയം സബ്സിഡിയായി കർഷകർക്ക് നൽകിയിട്ടുണ്ട്.<br>2011-12 സാമ്പത്തിക വർഷത്തിൽ 5198 ക്ഷീര കർഷകർക്ക് ക്ലെയിം തുകയായ 836.92 ലക്ഷം രൂപയും 2012-13-ൽ 1898 ക്ഷീര കർഷകർക്ക് ക്ലെയിം തുകയായ 391.75 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ